പതിനാലാം കേരളനിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2745 — 13/03/2020 മറുപടിയ്ക്ക്

## വിദ്യാർത്ഥികളിലെ ലഹരി ഉപയോഗം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അനൂപ് ജേക്കബ്<br>ശ്രീമതി. ഷാനിമോൾ ഉസ്മാൻ | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ സ്കൂളുകളിലും കോളേജുകളിലും പഠിക്കുന്ന കുട്ടികളിൽ വലിയൊരു വിഭാഗം ലഹരിക്ക് അടിമകളാണെന്ന റിപ്പോർട്ട് ഗൗരവമായി പരിഗണിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (എ) പരിഗണിച്ചിട്ടുണ്ട്. |
| (ബി) എല്ലാ സ്കൂൾ വിദ്യാർത്ഥികളെയും ആറു മാസത്തിൽ ഒരിക്കലെങ്കിലും മെഡിക്കൽ പരിശോധനയ്ക്ക് വിധേയരാക്കുന്നതിനും അവർ ലഹരിക്ക് അടിമകളല്ലായെന്ന് ഉറപ്പ് വരുത്തുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ; | (ബി) സ്കൂൾ തലത്തിൽ വിദ്യാഭ്യാസ വകുപ്പിന്റെയും എക്സൈസ് വകുപ്പിന്റെയും ആഭിമുഖ്യത്തിൽ ബോധവൽക്കരണ പരിപാടികൾ ഫലപ്രദമായി നടത്തി വരുന്നുണ്ട്. സ്കൂളുകളിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് 'വിമുക്തി' എന്ന പേരിലുള്ള ക്യാമ്പയിൻ സ്കൂളുകളിൽ നടത്തി വരുന്നു. സ്കൂൾ പരിസരത്ത് 100 വാര ചുറ്റളവിൽ പുകയില ഉല്പന്നങ്ങൾ , ലഹരി വസ്തുക്കളുടെ വില്പന നിരോധിക്കുകയും ഇക്കാര്യം ബോർഡിൽ പ്രദർശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കും ബോധവൽക്കരണ പരിപാടികൾക്കും സ്കൂൾ പാഠ്യപദ്ധതിയിൽ കൂടുതൽ പ്രാധാന്യം നൽകുമോയെന്ന് വ്യക്തമാക്കാമോ; | (സി) മദ്യ/ലഹരി മരുന്നുകളുടെ ഉപയോഗത്തിനെതിരെ ബോധവൽക്കരണ സന്ദേശങ്ങൾ പ്രദർശിപ്പിക്കുന്നതിന് പ്രൈമറി സ്കൂൾ തലം മുതൽ വിവിധതരം ബോധവൽക്കരണ പരിപാടികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്കൂൾ തലത്തിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ, ജാഗ്രതാ സമിതികൾ തുടങ്ങിയവ രൂപീകരിക്കുകയും എക്സൈസ്, പോലീസ് വകുപ്പുകളുമായി സഹകരിച്ച് ആവശ്യമായ ഇടപെടലുകൾ നടത്തുകയും ചെയ്യുന്നുണ്ട്. |

| | |
|---|---|
| (ഡി) കുട്ടികൾക്ക് അവരുടെ ഒഴിവ് സമയം ക്രിയാത്മകമായി ചെലവഴിക്കുവാൻ ഉതകുന്ന സംവിധാനം ഒരുക്കുന്നതിനും കരിക്കുലത്തിൽ സ്പോർട്സിന് കൂടുതൽ പ്രാധാന്യം നൽകുന്നതിനും നടപടി സ്വീകരിക്കുമോ? | (ഡി) കുട്ടികളുടെ ഒഴിവു സമയം ക്രിയാത്മകമായി ചെലവഴിക്കുന്നതിന് സ്കൂളുകളിൽ കലാ കായിക പഠനത്തിനായി പ്രത്യേക പാഠപുസ്തകങ്ങൾ തയ്യാറാക്കുകയും അതിനനുസരിച്ചുള്ള പ്രവർത്തനങ്ങൾ നിലവിൽ തന്നെ ഉൾപ്പെടുത്തിയിട്ടുള്ളതുമാകുന്നു. |

സെക്ഷൻ ഓഫീസർ